"ഭരണഭാഷ - മാതൃഭാഷ"
**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
നന്ദാവനം, മ്യൂസിയം - നന്ദാവനം റോഡ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695 033
ഫോൺ : 0471 2737 246, 0471 2737245, 0471 2737261
email - scdirectorate.estt@gmail.com

എസ്റ്റാ. ബി1–5659/19 തീയതി : 30.11.2019

## സർക്കുലർ

വിഷയം : പട്ടികജാതി വികസനം - ജീവനക്കാര്യം - വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ ജീവനക്കാരുടെ നിയമനം - സംബന്ധിച്ച്.

സൂചന :

*****

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിയമനാധികാരികളും നിയന്ത്രണോദ്യോഗസ്ഥരും പാലിക്കേണ്ടതാണ്.

1) വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ആൺകുട്ടികളുടെ ഹോസ്റ്റലുകളിൽ പുരുഷൻമാരായ ജീവനക്കാരേയും, പെൺകുട്ടികളുടെ ഹോസ്റ്റലിൽ വനിതാ ജീവനക്കാരേയും നിയമിക്കുവാൻ ബന്ധപ്പെട്ട നിയമനാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

2) പെൺകുട്ടികളുടെ ഹോസ്റ്റലിൽ പുരുഷ ജീവനക്കാരെ നിയമിക്കേണ്ട ഏതെങ്കിലും അടിയന്തിര സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അവരുടെ ജോലിസമയം പകൽ രാവിലെ 7 മണി മുതൽ പരമാവധി വൈകുന്നേരം 5 മണിവരെ മാത്രമായി ക്രമീകരിക്കേണ്ടതാണ്. പുരുഷൻമാർ പകൽ ജോലിചെയ്യുന്ന സന്ദർഭം ഉണ്ടായാൽ ആ സമയം വനിതാ ജീവനക്കാർ ആരെങ്കിലും ഹോസ്റ്റലിൽ ഉണ്ടായിരിക്കേണ്ടതാണ്. വൈകിട്ട് 5 മണിക്ക് ശേഷം പ്രത്യേകിച്ച് രാത്രി സമയങ്ങളിൽ പുരുഷ ജീവനക്കാരെ പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ സേവനമനുഷ്ഠിക്കുന്നതിനുവേണ്ടി നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

...2

3) ആൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വനിതാ ജീവനക്കാരെ നിയമിക്കേണ്ടി വരികയാണെങ്കിലും മുകളിൽ പറഞ്ഞ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

4) പെൺ/ആൺകുട്ടികളുടെ ഹോസ്റ്റലുകളിൽ യഥാക്രമം വനിത/പുരുഷ ജീവനക്കാരെ നിയമിക്കുമ്പോൾ ബന്ധപ്പെട്ട ജില്ലകൾ തന്നെ ക്രമീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പ്രസ്തുത വിവരം വ്യക്തമായ വിശദീകരണം സഹിതം വകുപ്പ് മേധാവിയെ ഉടനടി അറിയിക്കേണ്ടതുമാണ്.

5) ആൺകുട്ടികളുടെ/പെൺകുട്ടികളുടെ താമസ സ്ഥലത്ത് യഥാക്രമം വനിത/ പുരുഷ ജീവനക്കാർ സ്ഥാപന മേലധികാരിയുടെ അനുമതിയോടെയും സാന്നിദ്ധ്യത്തിലുമല്ലാതെ ഒരു കാരണവശാലും പ്രവേശിക്കുന്ന സാഹചര്യം ഉണ്ടാകരുത്. PTA പ്രതിനിധികൾ/ജനപ്രതിനിധികൾ/മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഹോസ്റ്റൽ സന്ദർശന സമയത്ത് സ്ഥാപനമേധാവി/ജീവനക്കാർ കൂടെയുണ്ടാവേണ്ടതാണ്.

ടി വിഷയത്തിൽ എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും നിയന്ത്രണോദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്. ഈ നിർദ്ദേശത്തിന്മേൽ കൈക്കൊണ്ട നടപടികൾ വകുപ്പ് മേധാവിയെ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

1) എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും.
2) എല്ലാ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർക്കും.
3) എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂൾ സൂപ്രണ്ടുമാർക്കും.
4) എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്റ്റിവാർഡുമാർക്കും.
5) എല്ലാ പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻമാർക്കും.

*പകർപ്പ് :-*

1) അഡീഷണൽ ഡയറക്ടർ (സി.എ. മുഖേന).
2) സീനിയർ ഫിനാൻസ് ഓഫീസർ.
3) ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം).
4) കരുതൽ/അധികം.

ഡയറക്ടർക്കുവേണ്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

PS 02.12.2019